**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 735** **28-01-2026 - ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട് മണ്ഡലത്തിലെ വൈദ്യുതി-വോൾട്ടേജ് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | മണ്ണാർക്കാട് മണ്ഡലത്തിലെ വൈദ്യുതിക്ഷാമവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളും തുടർന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളും സംബന്ധിച്ച വിശദവിവരം നൽകാമോ? | (എ) | ഈ സാമ്പത്തിക വർഷത്തിൽ വിതരണ വിഭാഗത്തിൽ മണ്ണാർക്കാട് മണ്ഡലത്തിൽ 40 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അടുത്ത സാമ്പത്തിക വർഷത്തിൽ 13 ട്രാൻസ്ഫോർമറുകൾ കൂടി സ്ഥാപിക്കാനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>മണ്ണാർക്കാട് മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പ്രസരണ വിഭാഗത്തിൽ നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു<br><br>1. അലനല്ലൂർ 33 കെ.വി. സബ്സ്റ്റേഷനിൽ പുതിയ 33/11 കെ.വി. 5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് പുതിയ 33 കെ.വി., 11 കെ.വി. ബേകൾ നിർമ്മിച്ച് സബ്സ്റ്റേഷന്റെ സ്ഥാപിത ശേഷി 15 എം.വി.എ. ആയി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനം പൂർത്തികരിച്ചു.<br>2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി അലനല്ലൂർ 33 കെ.വി. സബ്സ്റ്റേഷനിൽ 0.7 എം.വി.എ.ആർ.-ന്റെ കപ്പാസിറ്റർ ബാങ്കുകൾ രണ്ടെണ്ണം സ്ഥാപിച്ചു.<br>3. അഗളി **33** കെ. വി. സബ്സ്റ്റേഷനിൽ **11** കെ. വി ഫീഡറുകളെ പുനഃക്രമീകരിച്ച് ട്രാൻസ്ഫോർമറുകളുടെ ലോഡ് ബാലൻസ് ചെയ്ത് മുക്കാലി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിച്ചു.<br>4. അഗളി **33** കെ.വി. സബ്സ്റ്റേഷനിൽ **5MVA 33/11** കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ച് **15** എം.വി.എ. ആയി ശേഷി വർദ്ധിപ്പിച്ചു.<br>5. അഗളിയിൽ **1** മെഗാവാട്ട് സോളാർ പ്ലാന്റ് നിർമ്മിച്ചു.<br>6. കുമരമ്പുത്തൂർ 33കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കി. |

| | | | |
|---|---|---|---|
| | | | 7. മണ്ണാർക്കാട് 110 കെ.വി. സബ്സ്റ്റേഷനിൽ 10 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് 11 kV-യുടെ പുതിയ ഫീഡറുകൾ നിർമ്മിച്ചു.<br>8. മുക്കാലി **33kV** സബ്സ്റ്റേഷനു സാങ്കേതിക അനുമതി ലഭിച്ചു. ഡി.പി.ആർ. തയ്യാറാക്കി വരുന്നു.<br>9. അട്ടപ്പാടിയിൽ ഉത്പാദിപ്പിക്കപ്പെടുന്ന പവനോർജ്ജം ഗ്രിഡിലേയ്ക്ക് എത്തിക്കുന്നതിന് വെട്ടത്തൂർ-മണ്ണാർക്കാട്-അഗളി **220 kv** ലൈനിന്റെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. അഗളി, മണ്ണാർക്കാട് എന്നിവിടങ്ങളിലെ **220 kv** സബ്സ്റ്റേഷനുകളുടെ ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ